**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3251** **26-06-2024 - ൽ മറുപടിയ്ക്ക്**

**അരൂർ മണ്ഡലത്തിലെ തുറവൂർ വേ സൈഡ് പാർക്കിന്റെ പരിപാലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | അരൂർ മണ്ഡലത്തിലെ തുറവൂർ വേ സൈഡ് പാർക്കിന്റെ പരിപാലന ചുമതല ആർക്കാണെന്ന് അറിയിക്കുമോ; | (എ) | അരൂർ മണ്ഡലത്തിലെ തുറവൂർ വേ സൈഡ് പാർക്കിന്റെ പരിപാലന ചുമതല ആലപ്പുഴ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിനാണ്. |
| (ബി) | പ്രസ്തുത വിനോദസഞ്ചാര പദ്ധതിക്കായി ടൂറിസം വകുപ്പിന് കൈമാറി ലഭിച്ച ഭൂമിയുടെ അളവ് വ്യക്തമാക്കുമോ; പാർക്ക് നിർമ്മാണം നടക്കുമ്പോൾ പാർക്കിനോട് ചേർന്ന് എത്ര ചെറുകിട കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിച്ചിരുന്നുവെന്ന് വ്യക്തമാക്കുമോ; | (ബി) | പദ്ധതി പ്രദേശത്തെ റോഡിനു കിഴക്ക് ഭാഗത്ത് 3,362.59 ചതുരശ്ര മീറ്റർ സ്ഥലവും പടിഞ്ഞാറ് ഭാഗത്ത് 4,120.25 ചതുരശ്ര മീറ്റർ സ്ഥലവും ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ നിയന്ത്രണത്തിലുണ്ട്.<br><br>നിർമാണഘട്ടത്തിൽ പാർക്കിനോട് ചേർന്നു പ്രവർത്തിച്ചിരുന്ന സ്ഥാപനങ്ങളുടെ വിവരം ശേഖരിച്ചു വരുന്നു. |
| (സി) | പ്രസ്തുത പാർക്കിൽ കായലിനോട് ചേർന്ന് ഡി.റ്റി.പി.സി. സ്ഥാപിച്ചിരുന്ന ഫെൻസിംഗ് പല പ്രദേശങ്ങളിലും പൊളിച്ചുമാറ്റി പുതിയ കച്ചവട സ്ഥാപനങ്ങൾ ആരംഭിച്ചത് ഡി.റ്റി.പി.സി. യുടെ അനുവാദത്തോടെയാണോ എന്ന് വ്യക്തമാക്കുമോ; | (സി) | അല്ല. |
| (ഡി) | അല്ലെങ്കിൽ പാർക്കിലെ ഫെൻസിംഗ് അനധികൃതമായി പൊളിച്ചുമാറ്റിയവർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; പാർക്കിനോട് ചേർന്ന് നിലവിൽ പ്രവർത്തിക്കുന്ന ചെറുകിട കച്ചവട സ്ഥാപനങ്ങളുടെ എണ്ണം വ്യക്തമാക്കുമോ; | (ഡി) | തുറവൂർ വേ സൈഡ് പാർക്കിന്റെ ഭൂമി കൈയേറാനുള്ള സ്വകാര്യ വ്യക്തികൾ ശ്രമിക്കുന്നതും സംരക്ഷണ വേലി നശിപ്പിക്കപ്പെട്ടതും ശ്രദ്ധയിൽപെട്ടതിനെ തുടർന്ന് 15.10.2023ൽ തുറവൂർ തെക്ക് വില്ലേജിലും 18.11.2023ൽ ജില്ലാ കലക്ടർക്കും ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ പരാതി നൽകിയിരുന്നു. ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ ചേർത്തല തഹസിൽദാരെ ജില്ലാ കലക്ടർ ചുമതലപ്പെടുത്തിയിരുന്നു.<br><br>തുറവൂർ വേ സൈഡ് പാർക്കിനോടു ചേർന്നുള്ള സ്വകാര്യ ഭൂമിയിൽ നിലവിൽ ഏഴ് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | നട്ടുവളർത്തിയിരിക്കുന്ന പുല്ലിലൂടെയും നടപ്പാതയിലൂടെയും വാഹനങ്ങൾ ഓടിക്കുന്നതുൾപ്പെടെ പാർക്കിൽ നാശനഷ്ടങ്ങൾ വരുത്തുന്നവർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ഇ) | നട്ടുവളർത്തിയിരിക്കുന്ന പുല്ലിലൂടെയും നടപ്പാതയിലൂടെയും വാഹനങ്ങൾ ഓടിച്ച് പാർക്കിൽ നാശനഷ്ടം വരുത്തിയതായി പരാതികൾ ലഭിച്ചിട്ടില്ല. |
| (എഫ്) | അരൂർ മണ്ഡലത്തിൽ ഡി.റ്റി.പി.സി. യുടെ നിയന്ത്രണത്തിലുള്ള മറ്റ് വിനോദസഞ്ചാര കേന്ദ്രങ്ങൾ ഏതെല്ലാമാണെന്നും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ? | (എഫ്) | അരൂക്കുറ്റി ഹൗസ് ബോട്ട് ടെർമിനലും തഴപ്പ് മൈക്രോഡെസ്റ്റിനേഷനുമാണ് ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിനു കീഴിൽ അരൂർ മണ്ഡലത്തിലുള്ള മറ്റു കേന്ദ്രങ്ങൾ. 2022ൽ ഡി. ടി. പി. സിക്ക് കൈമാറി ലഭിച്ച ഈ കേന്ദ്രങ്ങൾ പ്രവർത്തിപ്പിക്കാൻ പലതവണ ടെൻഡർ/ താൽപര്യപത്രം ക്ഷണിച്ചെങ്കിലും ഇവ ആരും ഏറ്റെടുത്തില്ല. ഈ കേന്ദ്രങ്ങൾക്കായി റീ ടെൻഡർ/ താൽപര്യപത്രം ക്ഷണിക്കാനുള്ള നടപടികൾ പുരോഗതിയിലാണ്. |

സെക്ഷൻ ഓഫീസർ